“Dancers dream with their feet.” Let the Talented Banker of this week be one such dreamer who has found her purpose through the repertoire of Kuchipudi, and has delighted our eyes through her various expressive performances.

Bindu Nandakumar
State Bank of India
Branch Supporting Team
Home loan section
Palarivattom, Ernakulam

Bindu was born to Adv. C.A.Sukumaran who retired as Assistant Public Prosecutor, and O. Saraswathy who was a Higher Secondary school teacher. She grew up with her elder brother and younger sister in the Vazhoor town of Kottayam where they belonged.

She spent all her school years at the Government Higher Secondary School, Vazhoor, where her mother was a teacher. It was in the 5th grade that she started her first steps to the beats of thaala... when their neighbour, Smt. Syamala Krishnankutty transformed into her first guru. Bindu participated in school competitions and won many prizes for Bharathanatyam, Mohiniyattom and Folk dance. She also became the Kalathilakam in her school. She never went to a competition outside her school as her mother strongly believed that an art form had to be learned, not by hearted as a competition item.

After completing four years of tutelage under Smt. Syamala Krishnankutty, she pursued Bharathanatyam under Smt. Devaki Andarjanam at the Kottayam Balabhavan for a period of one year.

As she reached the 10th grade, she decided to take a break from her passion and concentrate on her studies. After the 12th grade, she joined the BCM College, Kottayam for BSc Physics. There again she stepped onto the stage, this time, to perform cinematic dance. She still regrets that she didn’t take classical dance seriously during those days.

On completing her graduation, Bindu took admission in the MG University for MSc Astrophysics, but the subject didn’t interest her. Once she got through the MCA Kerala entrance test, she boldly decided to enrol at the Rajiv Gandhi Institute of Technology, Pampady, Kottayam for MCA, having spent hardly one month at the MG University. Here too she performed cinematic dances on stage many a time.

Right after the completion of her MCA course she got married and joined her husband at Chennai, where she started a job in the software field. Since both of them didn’t favour being away from their roots, after around three years they returned to Kerala.

Bindu mentions that she joined the bank after mothering both her angels. She joined SBI at its Kanjangad branch and then got transferred to Guruvayoor where she spent nearly three and a half years. Then she moved on to Ernakulam where she is presently posted as Associate (customer service and sales) in Branch Supporting Team, Home loan section, Palarivattom, for the last 5 years.

All these years, she had totally left behind her dancing self. It was her daughter’s wish to learn dance that took her to the Hamsadhwani dance academy at Edappally, where she met Syamala teacher. The teacher’s name or the welcoming atmosphere of the academy awoke the slumbering student in her. Out of the blue, Bindu asked if she could learn too, and Syamala teacher gladly agreed.. thus Bindu rediscovered her passion! Bindu’s eyes glitter with gratitude as she explains how the teacher advised her to concentrate on just one genre of dance and patiently corrected even the minutest mistakes. She reiterates that the efforts of Syamala teacher made sure that Bindu managed her dance classes amidst her busy work schedule. She has been meticulously attending Kuchipudi lessons for the last four years.

One moment she cherishes in her mind is her arangetam at the Guruvayoor Melpathur Auditorium – the instance she wore her ‘chilanka' after a huge gap of fifteen years. The loud applause of the audience and the praises showered upon her are etched into her mind forever.

Bindu’s happy family comprises of her spouse Nandakumar S who is the Zonal Head(Quality control) at the Reliance Nippon Life Insurance company, and her lovely daughters – Aiswarya Nandakumar and Lakshmisree Nandakumar. She gets talkative while elaborating how her family supports her in pursuing her love for dance.. how her husband prioritises her dance programmes over other commitments, how her mother-in-law encourages her to dance to her fill, how her kids accompany and support her..

Bindu considers herself blessed to have been able to perform during two consecutive years at the Guruvayoor Ekadashi vilakku by SBI. She has also performed at many stages including the Edappally Changampuzha park and the Ernakulam Mahadeva temple.

She is also excited as she recollects the VASP Events Mrs. Woman of the Year 2020 held in December 2020 in which she was a finalist and won three subtitles – Mrs. Beautiful smile, Mrs. Photogenic and Mrs. Glamorous look. She has done some photoshoots for certain Instagram page promotions as well.

She is grateful to our Talented Bankers group for providing a podium to showcase her talents and finds the heaping words of encouragement from our members a force to perform even better. She has also gained many friends from the group, with similar tastes and ideas.

We take this opportunity to wish that she may keep up the drive and passion to dance always and find bliss through the moves...

---

Original English version: Arya Gayathry , State Bank of India, Pallickal Branch

മലയാളം പരിഭാഷ : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, അരക്കിണർ

മീഞ്ചന്ത ബ്രാഞ്ച്, കോഴിക്കോട്
------------------------------------------------------------------------------------------------

"നർത്തകികൾ അവരുടെ പാദങ്ങൾ കൊണ്ട് സ്വപ്നം കാണുന്നു" അങ്ങനെ പാദങ്ങളിലൂടെ തന്റെ സ്വപ്നങ്ങളിലേക്ക് സഞ്ചരിക്കുന്ന, ചിലങ്കകളിൽ വർണങ്ങൾ പൊഴിക്കുന്ന, കുച്ചിപ്പുടിയിൽ തന്റെ ഇടം തേടാൻ കൊതിക്കുന്ന, ഭാവങ്ങളിലൂടെ നമ്മുടെ മനം കവർന്ന ഒരു പ്രതിഭയാണ് ഈ ആഴ്ചത്തെ അതിഥി.

ബിന്ദു നന്ദകുമാർ,
ഹോം ലോൺ സെക്ഷൻ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
പാലാരിവട്ടം.

അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ആയി റിട്ടയർ ചെയ്ത അഡ്വക്കേറ്റ് സി എ സുകുമാരന്റെയും ഹയർ സെക്കന്ററി അധ്യാപികയായ ഓ സരസ്വതിയുടെയും മകളാണ് ബിന്ദു. മൂത്ത ഒരു സഹോദരനും ഇളയ ഒരു സഹോദരിക്കും ഒപ്പമുള്ള കുട്ടിക്കാലം കോട്ടയം ജില്ലയിലെ വാഴൂരിലായിരുന്നു.

അമ്മ അദ്ധ്യാപികയായ വാഴൂർ ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂളിലായിരുന്നു ബിന്ദുവിന്റെ സ്കൂൾ വിദ്യാഭ്യാസം. തന്നെ നൃത്തച്ചുവടുകളുടെ ലോകത്തേക്ക് കൂട്ടിയ, അയൽക്കാരി കൂടിയായ ശ്യാമള കൃഷ്ണൻകുട്ടിയെന്ന നൃത്താദ്ധ്യാപികയെ ബിന്ദുവിന് ലഭിച്ചത് അഞ്ചാം ക്ലാസ്സിൽ പഠിക്കുമ്പോഴാണ്. അതോടെ ബിന്ദു സ്കൂളിൽ ഭരതനാട്യം, മോഹിനിയാട്ടം, നാടോടിനൃത്തം തുടങ്ങിയ ഇനങ്ങളിൽ സ്കൂൾ തലത്തിൽ മത്സരിക്കാൻ ആരംഭിക്കുകയും അതിലൊക്കെ സമ്മാനങ്ങൾ നേടാൻ തുടങ്ങുകയും ചെയ്തു. പലപ്പോഴും സ്കൂളിലെ കലാതിലകപ്പട്ടവും ബിന്ദുവിനെ തേടിയെത്തി. മത്സരങ്ങൾക്ക് വേണ്ടിയായിരിക്കരുത് ഒരു കല സ്വായത്തമാക്കുന്നത് എന്ന അമ്മയുടെ വിശ്വാസം ബിന്ദുവിനെ സ്കൂളിന് പുറത്തേക്കുള്ള മത്സരങ്ങളിൽ നിന്നും പിറകോട്ട് വലിച്ചു.

ശ്യാമള ടീച്ചറുടെ ശിക്ഷണത്തിലെ നാലു വർഷത്തിന് ശേഷം കോട്ടയം ബാലഭവനിലെ അദ്ധ്യാപികയായ ശ്രീമതി ദേവകി അന്തർജ്ജനത്തിന്റെ ശിക്ഷണത്തിലായി ബിന്ദുവിന്റെ നൃത്താഭ്യാസം.

പത്താംക്ലാസ്സ് പഠനം കഴിഞ്ഞതോടെ നൃത്തപഠനത്തിന് ഒരവധിയായി. പഠനത്തിൽ കൂടുതൽ ശ്രദ്ധ വേണമെന്ന തോന്നലായിരുന്നു അതിന് പിന്നിൽ. പ്ലസ് ടു കഴിഞ്ഞ് കോട്ടയം ബി സി എം കോളേജിൽ ബിരുദപഠനത്തിന് ചേർന്നു. ഊർജതന്ത്രമായിരുന്നു വിഷയം. അക്കാലത്ത് നൃത്തം വീണ്ടും സിരകളിലേക്ക് ഓടിയെത്തി. ഇത്തവണ ഭ്രമം

സിനിമാറ്റിക് ഡാൻസിൽ ആയിരുന്നു എന്ന് മാത്രം. അന്ന് ശാസ്ത്രീയ നൃത്തത്തിൽ വേണ്ടപോലെ ശ്രദ്ധിക്കാഞ്ഞത് തെറ്റായിപ്പോയി എന്ന് പിന്നീട് പലപ്പോഴും ബിന്ദുവിന് തോന്നിയിട്ടുണ്ട്.

ബിരുദപഠനത്തിന് ശേഷം എം ജി സർവകലാശാലയിൽ അസ്ട്രോഫിസിക്സിൽ ബിരുദാനന്തരബിരുദത്തിന് ചേർന്നെങ്കിലും ആ വിഷയത്തോട് അത്ര താല്പര്യം തോന്നാത്തത് മൂലം പെട്ടെന്ന് തന്നെ അതുപേക്ഷിച്ച് പ്രവേശനപരീക്ഷയിലൂടെ കോട്ടയം പാമ്പാടി രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ എം സി ഏക്ക് ചേർന്നു. ഈ കാലത്തും സിനിമാറ്റിക് ഡാൻസിനോടായിരുന്നു ബിന്ദുവിന് കമ്പം.

എം സി എ പഠനം കഴിഞ്ഞുനിൽക്കുന്ന കാലത്താണ് ബിന്ദു ചെന്നൈയിൽ ജോലി ചെയ്യുന്ന നന്ദകുമാറിന്റെ ജീവിതപങ്കാളിയാകുന്നതും സോഫ്റ്റ്വെയർ രംഗത്ത് ഒരു ജോലി സ്വന്തമാക്കുന്നതും. സ്വന്തം നാടിനോടുള്ള ഗൃഹാതുരത്വം വല്ലാതെ വേട്ടയാടിയപ്പോൾ മൂന്ന് കൊല്ലത്തെ ചെന്നൈ ജീവിതം അവസാനിപ്പിച്ച് രണ്ട് പേരും നാട്ടിലേക്ക് പോന്നു.

രണ്ട് പെൺകുട്ടികൾ ഇതിനിടെ അവരുടെ ജീവിതത്തിൽ പുതുതാളങ്ങൾ തീർത്തു. അങ്ങനെയിരിക്കുമ്പോഴാണ് ബിന്ദു സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നത്. കാഞ്ഞങ്ങാട് ശാഖയിലായിരുന്നു ആദ്യനിയമനം. അവിടെ നിന്നും ഗുരുവായൂർ ശാഖയിലേക്കും മൂന്നര വർഷത്തിന് ശേഷം പാലാരിവട്ടം ഹോം ലോൺ സെക്ഷനിൽ അസ്സോസിയേറ്റ് ആയും. കഴിഞ്ഞ അഞ്ച് വർഷമായി അവിടെ തുടരുകയാണ് ബിന്ദു.

എറണാകുളത്തെ ജീവിതത്തിനിടയിൽ ആണ് മകൾക്ക് നൃത്തം പഠിക്കണം എന്ന ആഗ്രഹനിവർത്തിക്കായി ബിന്ദു ഇടപ്പള്ളി ഹംസധ്വനി ഡാൻസ് അക്കാദമിയിൽ എത്തുന്നത്. അവിടത്തെ അന്തരീക്ഷവും അവിടത്തെ ശ്യാമളടീച്ചറുടെ പെരുമാറ്റവും എല്ലാം ബിന്ദുവിലെ നൃത്തവിദ്യാർത്ഥിനിയെ ഉണർത്താൻ പോന്നതായിരുന്നു. ബിന്ദുവിലെ തൃഷ്ണയെ തൊട്ടറിഞ്ഞ ടീച്ചറുടെ ഉപദേശങ്ങളെക്കുറിച്ച്, ശിക്ഷണരീതിയെക്കുറിച്ച്, ക്ഷമയോടെയുള്ള പെരുമാറ്റത്തെക്കുറിച്ച് ഒക്കെ പറയുമ്പോൾ ബിന്ദു വാചാലയായി. ബാങ്ക് ജോലിയുടെ തിരക്കുകൾക്കിടയിലും ഈ പഠനത്തിന് സമയം കണ്ടെത്താൻ മനസ്സും സമയവും കിട്ടിയതിൽ ടീച്ചറുടെ പങ്ക് വളരെ വലുതാണെന്ന് ബിന്ദു നന്ദിയോടെ സൂചിപ്പിച്ചു. ഏതെങ്കിലും ഒരു നൃത്തശാഖയിൽ ശ്രദ്ധ പതിപ്പിക്കണം എന്ന ടീച്ചറുടെ ഉപദേശം സ്വീകരിച്ച് ബിന്ദു കഴിഞ്ഞ നാലു കൊല്ലമായി കുച്ചിപ്പുടിയിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

പതിനഞ്ചുകൊല്ലത്തിനു ശേഷം വീണ്ടും ഒരരങ്ങേറ്റത്തിന് ചിലങ്കയണിയാൻ യോഗമുണ്ടായത് ഗുരുവായൂർ മേല്പത്തൂർ

ഓഡിറ്റോറിയത്തിൽ കണ്ണന്റെ മുന്നിൽ. അന്ന് കാണികൾ നൽകിയ കയ്യടിയും പ്രോത്സാഹനവും ഇന്നും ബിന്ദുവിന്റെ മനസ്സിൽ തിരയടിക്കുന്നുണ്ട്.

ബിന്ദുവിന്റെ ജീവിതപങ്കാളി നന്ദകുമാർ റിലയൻസ് നിപ്പൺ ലൈഫ് ഇൻഷുറൻസിൽ സോണൽ ഹെഡ് ആണിപ്പോൾ. മക്കളായ ഐശ്വര്യ നന്ദകുമാറും ലക്ഷ്മിശ്രീ നന്ദകുമാറും അമ്മയുടെ നൃത്തസപര്യക്ക് കലവറയില്ലാത്ത പ്രോത്സാഹനമാണ് നൽകുന്നത്. നന്ദകുമാർ തന്റെ ജോലിക്കാര്യങ്ങളുടെ തിരക്കുകൾക്കിടയിൽ നൽകുന്ന പരിഗണനയും അദ്ദേഹത്തിന്റെ അമ്മ നൽകുന്ന സ്നേഹനിർഭരമായ പ്രോത്സാഹനവും തന്റെ സങ്കൽപ്പങ്ങൾക്കും അപ്പുറമാണ് എന്ന് പറയുമ്പോൾ ബിന്ദുവിന്റെ വാക്കുകളിൽ സ്നേഹവും ആദരവും തുളുമ്പി.

കഴിഞ്ഞ രണ്ട് വർഷം തുടർച്ചയായി ഗുരുവായൂരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഏകാദശി വിളക്കിന് നൃത്തം ചെയ്യാൻ കഴിഞ്ഞത് വലിയ ഭാഗ്യമാണെന്ന് ബിന്ദു. ഇത് കൂടാതെ ഇടപ്പള്ളി ചങ്ങമ്പുഴ പാർക്കിലും എറണാകുളം മഹാദേവക്ഷേത്രത്തിലും നൃത്തം ചെയ്യാൻ ഭാഗ്യം ഉണ്ടായി.

VASP ഇവന്റ്സ് 2020 ഡിസംബറിൽ നടത്തിയ വുമൺ ഓഫ് ദി ഇയർ മത്സരത്തിൽ ഫൈനലിൽ എത്താൻ കഴിഞ്ഞതും മിസ്സിസ് ബ്യൂട്ടിഫുൾ സ്മൈൽ, മിസ്സിസ് ഫോട്ടോജനിക്, മിസ്സിസ് ഗ്ലാമർലുക്ക് എന്നീ ഇനങ്ങളിൽ ഒന്നാമതെത്താൻ കഴിഞ്ഞതും വലിയ നേട്ടങ്ങളായാണ് ബിന്ദു കാണുന്നത്. ഇതിനോടാനുബന്ധിച്ച് ചില ഇൻസ്റ്റഗ്രാം പേജുകളുടെ ഫോട്ടോഷൂട്ടിൽ താരമാകാൻ കഴിഞ്ഞതും ഏറെ സന്തോഷം നൽകുന്നു എന്ന് ബിന്ദു പറയുന്നു.

നമ്മുടെ ഗ്രൂപ്പിൽ നിന്ന് കിട്ടുന്ന കലവറയില്ലാത്ത പ്രോത്സാഹനം തനിക്ക് ജീവിതത്തിൽ നൽകിയ ഊർജം ചെറുതല്ല, നൃത്തത്തിൽ കൂടുതൽ മെച്ചപ്പെട്ട പ്രകടനം കാഴ്ച വക്കണം എന്ന ആഗ്രഹം ജ്വലിപ്പിക്കുന്നത് ഈ ഗ്രൂപ്പാണ്.

തന്റെ ചലനങ്ങളും ഭാവങ്ങളും കൊണ്ട് കൂടുതൽ മിഴിവാർന്ന നൃത്തപ്രകടനം കാഴ്ച വക്കാൻ ബിന്ദുവിന് വരും കാലങ്ങളിൽ കഴിയട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ് കുടുംബം സ്നേഹപൂർവ്വം ആശംസിക്കുന്നു.